LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യവികസനം-2030

45 (2873) ശ്രീ. എം. എ. വാഹീദ്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അടിസ്ഥാന സൗകര്യ വികസനം -2030' എന്ന പേരിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) - (സി) ഇല്ല.

ക്ഷീരവികസന വകുപ്പിൽ പുതുതായി തസ്തികകൾ

46 (2874) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവികസന വകുപ്പിൽ പുതുതായി സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) സഹകരണ ഇൻസ്പെക്ടർ, അസ്സിസ്റ്റന്റ് രജിസ്ട്രാർ (ഓരോ ജില്ലയിലും) ജോയിന്റ് രജിസ്ട്രാർ എന്നീ തസ്തികകൾക്കായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവികസന വകുപ്പിൽ പുതുതായി 52 തസ്തികകളും അംഗപരിമിതരായ ജീവനക്കാരുടെ പുനർ നിയമനവുമായി ബന്ധപ്പെട്ട് 7 സൂപ്പർന്യൂമററി തസ്തികകളും ചേർത്ത് ആകെ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ജനറൽ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 1 (കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്)

ജോയിന്റ് ഡയറക്ടർ	- 1
ഡെപ്യൂട്ടി ഡയറക്ടർ	- 3
അസിസ്റ്റന്റ് ഡയറക്ടർ	- 3
ക്ഷീരവികസന ഓഫീസർ	-11
ഡയറി ഫാം ഇൻസ്ട്രക്ടർ	- 16
സീനിയർ ക്ലാർക്ക്	- 1
ക്ലാർക്ക്	- 10
ഓഫീസ് അറ്റൻഡന്റ്	- 6
ആകെ	**- 52**

അംഗപരിമിതർക്കുവേണ്ടി സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകൾ

എൽ.ഡി. ക്ലാർക്ക്	- 3
എൽ.ഡി. ടൈപ്പിസ്റ്റ്	- 1
അഗ്രിക്കൾച്ചർ അസിസ്റ്റന്റ്	- 1
ഓഫീസ് അറ്റൻഡന്റ്	- 2
ആകെ	**- 7**

(ബി) ഉണ്ട്.

(സി) ടി തസ്തികകൾക്കായുള്ള ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

ഡയറി പ്ലാൻ നടപ്പാക്കാനുള്ള കർമ്മ പദ്ധതി

47 (2875) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഡയറി പ്ലാൻ നടപ്പാക്കാൻ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly